പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1442</u> <u>13/07/2016 ൽ മറുപടിക്ക്</u>

## കല്യാശ്ശേരി മണ്ഡലത്തിലെ ആശുപത്രികൾ

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രി, പി. എച്ച്. സി. കൾ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ നിലവിലുണ്ട്; ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രി, പി. എച്ച്. സി. കൾ എന്നിവിടങ്ങളിലെ ഒഴിവുകൾ അനുബന്ധം(എ) യിലും അനുബന്ധം(ബി) യിലും ഉള്ളടക്കം ചെയ്യുന്നു. ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു. |
| (ബി) | പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | എല്ലാ പി. എച്ച്. സി. കളിലും ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | എല്ലാ പി. എച്ച്. സി കളോടും അനുബന്ധിച്ച് ലാബ് സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എൻ.എച്ച്.എം സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 170 ഓളം പ്രാഥമിക / സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്